# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.07.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **ജസ്റ്റിസുമാരായ നോങ്മെയ്കപം കോടീശ്വർ സിംഗും ആർ മഹാദേവനും ഇന്ന് സുപ്രീംകോടതി ജഡ്ജിമാരായി സത്യപ്രതിജ്ഞ ചെയ്യും.**

**Chief Justice of India DY Chandrachud will administer oath to Justices Nongmeikapam Kotiswar Singh and R Mahadevan as Supreme Court judges today.**

2). **അഗ്നിവീറുകൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തി ഹരിയാന സർക്കാർ.**

**Haryana government announces 10 percent reservation for Agniveers in Police, Mining and Jail departments.**

3). **മഹാരാഷ്ട്രയിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ 12 നക്സലൈറ്റുകൾ കൊല്ലപ്പെട്ടു.**

**In Maharashtra, 12 Maoists were killed in an anti-naxal operation by Gadchiroli police yesterday evening.**

4). **കേരളത്തിൽ മഴ തുടരുന്നു. ഇന്ന് 10 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത. വയനാട്ടിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി.**

**Rain continues in Kerala. Orange alert in 10 districts today. Yellow alert in four districts.Holiday for all educational institutions in Wayanad.**

5). **കൊച്ചി തീരത്ത് 11 ജീവനക്കാരുമായി കടലിൽ ഒറ്റപ്പെട്ട ബോട്ട് തീര സംരക്ഷണ സേന രക്ഷപ്പെടുത്തി.**

**In a coordinated sea-air operation, the Indian Coast Guard (ICG) successfully rescued a stranded Indian Fishing Boat with 11 crew onboard, about 80 nautical miles from Kochi.**

6). **പാരീസ് ഒളിമ്പിക്സിൽ ഇന്ത്യയുടെ 117 കായികതാരങ്ങൾ മാറ്റുരയ്ക്കും.**

**India's final contingent for the upcoming Paris Olympics has been approved by the sports ministry.**

=========================================

## PREZ SPEECH - BOOK

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ 75 പ്രസംഗങ്ങളുടെ സമാഹാരമായ WINGS TO OUR HOPES- ൻറെ ആദ്യ ഭാഗം കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ ഇന്ന് പ്രകാശനം ചെയ്യും. വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പബ്ലിക്കേഷൻ ഡിവിഷനാണ് പുസ്തകം പുറത്തിറക്കുന്നത്.

=========================================

## SC- NEW JUDGES

സുപ്രീം കോടതിയിൽ രണ്ട് പുതിയ ജഡ്ജിമാർ ഇന്ന് സത്യപ്രതിജ്ഞ ചൊല്ലി അധികാരമേൽക്കും. ജസ്റ്റിസുമാരായ നോങ്മൈകപം കോടീശ്വർ സിംഗ്, ആർ മഹാദേവൻ എന്നിവർക്ക് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് സത്യവാചകം ചൊല്ലികൊടുക്കും. ഇവരുടെ നിയമനങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു കഴിഞ്ഞദിവസം അംഗീകരിച്ചു. ഇതോടെ സുപ്രീംകോടതി ജഡ്ജിമാരുടെ അംഗബലം 34 ആയി. ജമ്മു കശ്മീർ, ലഡാക്ക് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന നോങ്മൈകപം കോടീശ്വർ സിംഗ്, മണിപ്പൂരിൽ നിന്ന് സുപ്രീം കോടതി ജഡ്ജിയായി നിയമിതനാകുന്ന ആദ്യ ജഡ്ജിയാണ്. മദ്രാസ് ഹൈക്കോടതി ആക്ടിംഗ് ചീഫ് ജസ്റ്റിസായ ആർ മഹാദേവൻ തമിഴ്നാട് സ്വദേശിയാണ്.

=========================================

## AGNIVEERS RESERVATION - (INTRO)

ഹ്രസ്വകാല സേവനത്തിനുശേഷം സൈന്യത്തിൽ നിന്നും വിരമിക്കുന്ന അഗ്നിവീറുകൾക്ക് പത്തുശതമാനം സംവരണം ഏർപ്പെടുത്തി ഹരിയാന സർക്കാർ. പൊലീസ്, ജയിൽ, വനംവകുപ്പുകളിലാണ് സംവരണം.

വിശദാംശങ്ങളിലേക്ക്...

(VOICE........)

പോലീസ് കോൺസ്റ്റെബിൾ, മൈനിങ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജെയിൽ വാർഡൻ തുടങ്ങിയ തസ്തികകളിൽ അഗ്നിവീറുകൾക്ക് സംവരണം ഏ ർപ്പെടുത്തിയെന്ന് ഹരിയാ മുഖ്യമന്ത്രി നായബ് സിംഗ് സൈനിയാണ് പ്രഖ്യാപിച്ചത്. ഗ്രൂപ്പ് - ഡി തസ്തികകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മൂന്ന് വയസ്സിൻറെ ഇളവ് നൽകാനും തീരുമാനിച്ചു. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന അഗ്നിവീറുകൾക്ക് അഞ്ചു ലക്ഷം രൂപയുടെ പലിശ രഹിത വായ്പ നല്കുമെന്നും പ്രഖ്യാപിച്ചു. ഏതെങ്കിലും വ്യവസായ യൂണിറ്റിൽ അഗ്നിവീരന്മാർക്ക് പ്രതിമാസം 30,000 രൂപയിൽ കൂടുതൽ ശമ്പളം നൽകിയാൽ, ആ വ്യവസായ യൂണിറ്റിന് സർക്കാർ 60,000 രൂപ വാർഷിക സബ്സിഡി നൽകാനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ 2022 ജൂണിലാണ് സേനയിൽ ഹ്രസ്വകാല സേവനത്തിനുള്ള അഗ്നിപഥ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം സൈന്യത്തിൽ പ്രവേശിക്കുന്നവർക്ക് നാലുവർഷത്തേക്കാണ് നിയമനം. അതിനുശേഷം ഇരുപത്തിയഞ്ച് ശതമാനം പേർക്ക് മാത്രമേ സൈന്യത്തിൽ തുടരാനാകൂ.

ന്യൂസ് ഡെസ്ക്, ആകാശവാണി......

==========================================

## MORN. MAHARASHTRA -NAXALITES

മഹാരാഷ്ട്രയിൽ പോലീസുമായി ഉണ്ടായ ഏറ്റുമുട്ടലിൽ 12 നക്സലുകൾ കൊല്ലപ്പെട്ടു. ഗഡ്ചിറോളി പോലിസിന്റെ C-60 കമാൻഡോകളാണ് നക്സൽ വിരുദ്ധ നീക്കം നടത്തിയത്. വാഡൊലി ഗ്രാമത്തിൽ തിരച്ചിൽ നടത്തുകയായിരുന്ന സംഘത്തി നേരെ നക്സലുകൾ വെടിയുതിർക്കുകയായിരുന്നു. രണ്ട് പൊലീസുകാർക്ക് പരിക്കേറ്റു. പ്രദേശത്ത് നിന്ന് AK-47

തോക്കുകൾ ഉൾപ്പെടെ നിരവധി ആയുധങ്ങൾ കണ്ടെടുത്തു. ഗഡ്ചിറോളി പോലിസിന് സംസ്ഥാന സർക്കാർ 51 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു.

==========================================

**INDIAN NAVY-OMAN,**

ഒമാൻ തീരത്ത് എണ്ണ ടാങ്കർ മറിഞ്ഞ് ഉണ്ടായ അപകടത്തിൽ കാണാതായവരിൽ എട്ട് ഇന്ത്യക്കാരെ ഉൾപ്പെടെ ഒമ്പത് ജീവനക്കാരെ ഇന്ത്യൻ നാവികസേനയുടെ യുദ്ധക്കപ്പൽ ഐഎൻഎസ് ടെഗ് ഇന്നലെ രക്ഷപ്പെടുത്തി. അപകടത്തിൽ പെട്ട കൊമോറോസ് എണ്ണ ടാങ്കറായ എംവി പ്രസ്റ്റീജ് ഫാൽക്കണിൽ 13 ഇന്ത്യക്കാരും മൂന്ന് ശ്രീലങ്കക്കാരും ഉൾപ്പെടെ ആകെ 16 ജീവനക്കാരാണ് ഉണ്ടായിരുന്നത്. ബാക്കിയുള്ളവർക്കായി തിരച്ചിൽ തുടരുന്നു. തെരച്ചിലിനും രക്ഷാപ്രവർത്തനത്തിനുമായി ഇന്ത്യൻ നാവികസേനയുടെ യുദ്ധക്കപ്പലും സമുദ്ര പട്രോളിംഗ് വിമാനവും വിന്യസിച്ചിട്ടുണ്ട്.

==========================================

**RAIN KERALA**

കേരളത്തിൽ കനത്ത മഴ തുടുരുന്നു. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ മഞ്ഞജാഗ്രത തുടരുന്നു. നാളെ മധ്യ, പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദ്ദം രൂപപ്പെടുന്നതോടെ മഴ കൂടുതൽ ശക്തമായേക്കും. തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് തീരങ്ങളിൽ പ്രത്യേക ജാഗ്രത വേണമെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. സംസ്ഥാനത്ത് 31 ദുരിതാശ്വാസ ക്യാമ്പുകളിലായി 474

പേരെ മാറ്റിപ്പാർപ്പിച്ചു. ഇടുക്കിയിൽ മലങ്കര ഡാമിൻറെ എല്ലാ ഷട്ടറും അമ്പത് സെൻറിമീറ്റർ വീതം ഉയർത്തി. മൂവാറ്റുപുഴ, തൊടുപുഴ തീരുത്തുള്ളവർ ജാഗ്രത പുലർത്തണം. വയനാട് ജില്ലയിൽ അംഗൻവാടികൾ അടക്കം എല്ലാ വിദ്യാഭ്യാ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. കോഴിക്കോടും പത്തനംതിട്ടയും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് ഇന്ന് അവധി.

====================================

**<u>വയനാട് – (ഇൻട്രോ)</u>**

വയനാട് ജില്ലയിൽ ശക്തമായ മഴ തുടുരുന്നു.
ജില്ലയിൽ പതിനൊന്ന് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്......

(വോയ്സ്..................)

====================================

**<u>LAKSHADWEEP – RAIN</u>**

ലക്ഷദ്വീപിൽ ശക്തമായ കാറ്റും മഴയും തുടരുന്നു.
ദ്വീപുകളിലേക്കുമുള്ള കപ്പൽ സർവ്വീസുകളെ പ്രതികൂല കാലാവസ്ഥ ബാധിച്ചിട്ടുണ്ട്.

====================================

**<u>ICG–FISHING BOAT</u>**

കൊച്ചിയിൽ നിന്ന് 80 നോട്ടിക്കൽ മൈൽ അകലെ
11 ജീവനക്കാരുമായി കടലിൽ ഒറ്റപ്പെട്ട മീൻപിടുത്ത ബോട്ട് ഇന്ത്യൻ തീര സംരക്ഷണ സേന രക്ഷപ്പെടുത്തി. കനത്ത മഴയും മോശം കാലാവസ്ഥയും മൂലമാണ് ബോട്ട് അപകടത്തിൽ പെട്ടത്. തീര സംരക്ഷണ സേനയുടെ ഡോർണിയർ വിമാനം ബോട്ട് ഇന്നലെ രാത്രി കണ്ടെത്തിയിരുന്നു.

====================================

## PARIS OLYMPICS

പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യയുടെ അന്തിമ സംഘത്തിന് കായിക മന്ത്രാലയം അംഗീകാരം നൽകി. 117 കായികതാരങ്ങളും 140 സപ്പോർട്ട് സ്റ്റാഫുകളും സംഘത്തിലുണ്ടാകും. ഈ മാസം 26 മുതൽ അടുത്ത മാസം 11 വരെയാണ് മത്സരങ്ങൾ. അത്ലറ്റിക്സ് വിഭാഗത്തിൽ 29 പേരും ഷൂട്ടിംങ്ങിന് 21പേരും ഹോക്കിയിൽ 19 പേരും ടേബിൾ ടെന്നീസിൽ എട്ടുപേരും ഇന്ത്യയ്ക്കുവേണ്ടി ഇറങ്ങും. ബാഡ്മിന്റൺ ടീമിൽ ഇത്തവണ ഒളിമ്പിക് മെഡൽ ജേതാവ് പി വി സിന്ധു ഉൾപ്പെടെ ഏഴ് പേർ മത്സരിക്കുന്നു.

=====================================

## ICC T20 RANKINGS,

ഐസിസി പുരുഷ ടി20 ബാറ്റിംഗ് റാങ്കിംഗിൽ ഇന്ത്യയുടെ സൂര്യകുമാർ യാദവ് രണ്ടാം സ്ഥാനം നിലനിർത്തി. യശസ്വി ജയ്സ്വാൾ ആറാം സ്ഥാനത്തെത്തി. ശ്രീലങ്കയുടെ വനിന്ദു ഹസരങ്ക ഒന്നാം സ്ഥാനം നിലനിർത്തി. പുരുഷന്മാരുടെ ടെസ്റ്റ് ബാറ്റിംഗ് റാങ്കിംഗിൽ ക്യാപ്റ്റൻ രോഹിത് ശർമ്മ ആറാം സ്ഥാനത്തും യശസ്വി ജയ്സ്വാൾ എട്ടാം സ്ഥാനത്തും എത്തി.

=====================================

## WOMEN CRICKET

ഏഷ്യ കപ്പ് വനിതാ ട്വൻറി-20 ക്രിക്കറ്റ് ടൂർണമെൻറിന് ശ്രീലങ്കയിൽ നാളെ തുടക്കമാകും. ഹർമൻപ്രീത് കൗർ ഇന്ത്യൻ സംഘത്തെ നയിക്കും.

=====================================

## TENNIS

സ്വീഡിഷ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് റൌണ്ട് ഓഫ് 16 ൽ ഇന്ത്യയുടെ സുമിത് നാഗൽ, അർജൻ്റീനയുടെ മരിയാനോ നവോനെയെ ഇന്ന് നേരിടും.

=====================================

**JAISHANKAR- JAN AUSHADI**

വിദേശ രാജ്യത്തെ ഇന്ത്യയുടെ ആദ്യ ജൻ ഔഷധി കേന്ദ്രം മൗറീഷ്യസിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ പങ്കെടുത്തു. ഇന്ത്യ-മൗറീഷ്യസ് ആരോഗ്യ പങ്കാളിത്ത പദ്ധതിയിലൂടെ ചെലവ് കുറഞ്ഞതും ഇന്ത്യയിൽ നിർമിച്ചതുമായ മരുന്നുകൾ വിതരണം ചെയ്യുമെന്നും കേന്ദ്രമന്ത്രി ജയ്ശ ങ്കർ പറഞ്ഞു.

=========================================

**PIYUSH GOYAL**

കേന്ദ്ര വാണിജ്യ, വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഇറ്റലിയിൽ നടന്ന ജി- 7 വ്യാപാര മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുത്തു. വിവിധ രാജ്യങ്ങളിലെ വ്യവസായ മന്ത്രിമാരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി.

=========================================

**BIDEN COVID POSITIVE**

യു എസ് പ്രസിഡന്റ് ജോ ബൈഡന് കോവിഡ് സ്ഥിരീകരിച്ചു. പ്രതിരോധ കുത്തിവെയ്പ് എടുത്തിട്ടുള്ള അദ്ദേഹത്തിന് നേരിയ ലക്ഷണങ്ങൾ മാത്രമാണ് ഉള്ളത്. പ്രസിഡന്റ് ജോ ബൈഡൻ ഐസോലേഷനിൽ കഴിയുകയാണെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

=========================================

**RUSSIA-UKRAINE EXCHANGE**

റഷ്യ - യുക്രൈൻ സംഘർത്തിനിടെ പിടിയിലായ 95 പേരെ ഇരുരാജ്യങ്ങളും കൈമാറി. തടവുകാരെ കൈമാറാനുള്ള മധ്യസ്ഥ ചർച്ചയ്ക്ക് നേതൃത്വം നൽകിയത് യു എ ഇ ആണെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു. രണ്ട് മാസത്തിനിടെ 165 സൈനികരെ ഇരുരാജ്യവും കൈമാറി.

=========================================

**ARVIND KEJRIWAL**

മദ്യനയ കേസിൽ സിബിഐയുടെ അറസ്റ്റ് ചോദ്യം ചെയ്ത് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ് രിവാൾ സമർപ്പിച്ച ഹർജിയിൽ ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി. സിബിഐ കേസിൽ സ്ഥിരം ജാമ്യം തേടിയുള്ള അദ്ദേഹത്തിൻറെ ഹർജി ഈ മാസം 29-ന് പരിഗണിക്കും.

======================================

**KERALA CM - MEETING**

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിൻറെ റെയിൽവേ സ്റ്റേഷനടിയിൽ കൂടി കടന്നു പോകുന്ന ഭാഗത്തെ മാലിന്യം സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്ന് അടിയന്തര യോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം ചേരുന്നത്.

======================================

**DEATH**

ലോക പ്രശസ്ത ഹൃദയ ശസ്ത്രക്രിയ വിദഗ്ദ്ധൻ ഡോക്ടർ എം.എസ് വല്യത്താൻ അന്തരിച്ചു. തിരുവനന്തപുരം ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൻറെ ആദ്യ ഡയറക്ടറാണ്, മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ ആദ്യ വി.സി ആയിരുന്നു.

======================================

**OOMMEN CHANDY-MEMORIES**

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഒന്നാം ചരമ വാർഷികാചരണം വിപുലമായ അനുസ്മരണചടങ്ങുകളോടെ ഇന്ന് ആരംഭിക്കും. പുതുപ്പള്ളി സെൻറ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി അങ്കണത്തിൽ ഇന്ന് രാവിലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. അടുത്തമാസം 25 വരെ സംസ്ഥാനത്തൊട്ടാകെ പരിപാടികളുണ്ട്.

==========================================

**BIRD FLU– KOTTAYAM**

പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് കോട്ടയം

വെച്ചൂർ പഞ്ചായത്തിലെ സ്വകാര്യ ഫാമിലെ 3,000

കോഴികളെ കൊന്നൊടുക്കുന്ന നടപടി ആരംഭിച്ചു.

ഇനി ഒരു അറിയിപ്പ് ഉണ്ടാകും വരെ പഞ്ചായത്തിൽ പക്ഷികളുടെ വിൽപനയും നിരോധിച്ചു.

=======================

==================================================

================